കേരള സർക്കാർ

സംഗ്രഹം

വനിതാ-ശിശുവികസനവകുപ്പ്- അംഗൻവാടി ഹെൽപ്പർമാരുടെ സ്ഥാനക്കയറ്റം ഭേദഗതി ഉത്തരവ്- പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യ നീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 453/2018/സാനീവ — തീയതി, തിരുവനന്തപുരം, 26/07/2018

---

പരാമർശം :
1. സ.ഉ(എം. എസ്)നം. 11/1987/സാക്ഷേവ, തീയതി. 12/01/1987
2. സ.ഉ (എം. എസ്)നം. 8/2008/സാക്ഷേവ, തീയതി. 31/08/2008
3. വനിതാ-ശിശുവികസനവകുപ്പ് ഡയറക്ടറുടെ 27/06/2018 ലെ ICDS.B4-8184/18 നമ്പർ കത്ത്

**ഉത്തരവ്**

അംഗൻവാടി വർക്കർ തസ്തികയുടെ 25%, 10 വർഷം സേവനം പൂർത്തീകരിച്ചതും എസ് എസ് എൽ സി/പത്താംതരം തുല്യത നേടിയിട്ടുള്ളതുമായ ഹെൽപ്പർമാർക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. അംഗൻവാടി വർക്കർ സ്ഥാനക്കയറ്റത്തിനായി പട്ടികജാതി/ പട്ടികവർഗക്കാർക്ക് ഹെൽപ്പർ തസ്തികയിൽ 10 വർഷം സേവനദൈർഘ്യമുള്ള എസ് എസ് എൽ സി പാസായവരുടെ അഭാവത്തിൽ തോറ്റവരേയും പരിഗണിക്കുന്നതാണ്. അംഗൻവാടി വർക്കർ സ്ഥാനക്കയറ്റത്തിന് നിശ്ചിതയോഗ്യതയുള്ളവർ ഒന്നിൽ കൂടുതൽ ഉള്ള പക്ഷം ആദ്യം എസ് എസ് എൽ സി പാസായ വ്യക്തിയെ ആദ്യം പരിഗണിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ, അംഗൻവാടി വർക്കർ സ്ഥാനക്കയറ്റത്തിന് എസ് എസ് എൽ സി/തത്തുല്യ യോഗ്യതയുള്ള 10 വർഷം സേവനപരിചയമുള്ളവരും എസ് എസ് എൽ സി/തത്തുല്യം പാസാകാത്ത 10 വർഷം സേവനപരിചയമുള്ള പട്ടികജാതി/പട്ടികവർഗക്കാരും ഉണ്ടെങ്കിൽ ആരെ ആദ്യം പരിഗണിക്കും എന്നതിന് വ്യവസ്ഥയില്ല.

2) നിശ്ചിത യോഗ്യതയുള്ള ഒന്നിൽ കൂടുതൽ അംഗൻവാടി ഹെൽപ്പർമാരുണ്ടാകുന്ന സാഹചര്യങ്ങളിൽ വർക്കർ സ്ഥാനക്കയറ്റത്തിന് ടി ജീവനക്കാരെ പരിഗണിക്കുന്നതിനുള്ള മുൻഗണനാക്രമം സംബന്ധിച്ച് പരാമർശം (3) പ്രകാരം വനിതാ-ശിശുവികസനവകുപ്പ് ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിശ്ചിത യോഗ്യതയുള്ള ഒന്നിൽ കൂടുതൽ അംഗൻവാടി ഹെൽപ്പർമാരുണ്ടാകുന്ന സാഹചര്യങ്ങളിൽ വർക്കർ സ്ഥാനക്കയറ്റത്തിന് ടി ജീവനക്കാരെ പരിഗണിക്കുന്നതിനുള്ള മുൻഗണനാക്രമം സംബന്ധിച്ചുള്ള വനിതാ-ശിശുവികസനവകുപ്പ് ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ട് പരാമർശം (1) ലെ ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

1. ആദ്യം എസ് എസ് എൽ സി പാസായവരെ ആദ്യം പരിഗണിക്കേണ്ടതാണ്.

2. ഒരേ സമയം എസ് എസ് എൽ സി പാസായ ഒന്നിൽ കൂടുതൽ പേർ ഉള്ള പക്ഷം പ്രായക്കൂടുതൽ ഉള്ള വ്യക്തിയെ പരിഗണിക്കേണ്ടതാണ്.

3. പ്രായവും തുല്യമായി വരുന്ന പക്ഷം സേവനദൈർഘ്യം കൂടുതൽ ഉള്ള വ്യക്തിയെ പരിഗണിക്കേണ്ടതാണ്.

4. എസ് എസ് എൽ സി/തത്തുല്യം പാസാകാത്ത 10 വർഷം സേവനപരിചയമുള്ള പട്ടികജാതി/പട്ടികവർഗക്കാരെ, എസ് എസ് എൽ സി/തത്തുല്യം പാസായ പൊതുവിഭാഗക്കാർ ഉണ്ടെങ്കിൽ അവരെ പരിഗണിച്ചതിനു ശേഷം മാത്രം പരിഗണിക്കേണ്ടതാണ്.

5.എസ് എസ് എൽ സി/തത്തുല്യം പാസാകാത്ത ഒന്നിൽ കൂടുതൽ പട്ടികജാതി/പട്ടികവർഗക്കാർ ഉള്ള പക്ഷം ഉയർന്ന പ്രായത്തിന്റെ അടിസ്ഥാനത്തിലും ആയത് തുല്യമായിട്ടുള്ള പക്ഷം സേവന പരിചയത്തിന്റെ അടിസ്ഥാനത്തിലും സ്ഥാനക്കയറ്റത്തിന് പരിഗണിക്കേണ്ടതാണ്.

4) മേൽ ഭേദഗതിയോടെ പരാമർശം (1) ലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ബിജു പ്രഭാകർ
സ്പെഷ്യൽ സെക്രട്ടറി

വനിതാ-ശിശുവികസനവകുപ്പ് ഡയറക്ടർ, പൂജപ്പുര, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (ഡി ബി സെൽ), കേരള, തിരുവനന്തപുരം
വെബ്&ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഉപ്രാന്ത്യത്തനം: ICDS EA - 8184/18 തീയതി 4/3/18